"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തൊടുപുഴ റെയിഞ്ചിലെ വേളൂർ സ്റ്റേഷൻ പരിധിയിലെ 1962 തേക്ക് തോട്ടത്തിലെ മരങ്ങൾ അനധികൃതമായി മുറിച്ചുമാറ്റിയ സംഭവം- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ശ്രീ.സി.കെ.രാജൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.53/2023/F&WLD തീയതി,തിരുവനന്തപുരം, 04-02-2023

പരാമർശം:-

1. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.08.2013-ലെ E6(SC 11/13/IDK) 15564/13 നമ്പർ കത്ത്.
2. 19/02/2014 തീയതിയായി A2/14283/2013-FWLD നമ്പർ പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. 15.07.2016-ലെ സ.ഉ.(സാധാ.)274/2016/വനം നമ്പർ ഉത്തരവ്
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 14.05.2018-ലെ ബി3/9768/2014 നമ്പർ നമ്പർ കത്ത്
5. 03.08.2021-ലെ എ2/111/2018 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. 25.11.2020 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-12424/11 നമ്പർ കത്ത്.
7. 12.10.2022 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-9768/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇടുക്കി ജില്ല വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 20.06.2013- ൽ തൊടുപുഴ റെയിഞ്ചിലെ വേളൂർ സ്റ്റേഷൻ പരിധിയിലെ 1962 തേക്ക് തോട്ടത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ സർപ്രൈസ് ചെക്ക് പരിശോധനയിൽ രണ്ട് തേക്ക് മരങ്ങൾ അനധികൃതമായി മുറിച്ചിരിക്കുന്നതായും കഷണങ്ങൾ ഭാഗികമായി നീക്കം ചെയ്തിരിക്കുന്നതായും കണ്ടെത്തി. ഈ കുറ്റകൃത്യത്തിലെ സർക്കാർ നഷ്ടം 5,074/- രൂപയാണെന്നും(അയ്യായിരത്തി എഴുപത്തിനാല് രൂപ) കുറ്റകൃത്യം തൽസമയം വരെ ബന്ധപ്പെട്ട സ്റ്റാഫുകൾ കണ്ടെത്തുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നും സൂചന (1) പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1962 വേളൂർ തേക്ക്

തോട്ടത്തിന്റെ സംരക്ഷണ ചുമതല വഹിച്ചിരുന്ന ശ്രീ.സി.കെ.രാജൻ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ ഉള്ളവർക്ക് സൂചന ( 2 ) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ഇതു സംബന്ധിച്ച് ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക പരിശോധിച്ചതിൽ ടിയാനെതിരെ അച്ചടക്ക നടപടി ആവസാനിപ്പിക്കുന്നതിനുതകുന്ന ന്യായീകരണം ഇല്ലാതിരുന്നതിനാൽ ഔപചാരികാന്വേഷണത്തിനായി സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

ഇതു സംബന്ധിച്ചുള്ള ഔപചാരികാന്വേഷണ റിപ്പോർട്ട് സർക്കാരിനു ലഭ്യമായിട്ടുണ്ട് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വസ്തുതാപരമാണെന്നും അച്ചടക്ക നടപടി തുടരാവുന്നതാണെന്നും സൂചന (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ( ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടമായ 3,865/- രൂപയുടെ ആനുപാതിക സർക്കാർ നഷ്ട വിഹിതമായ 1289/-രൂപ വീതം ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുവാൻ താത്കാലികമായി തീരുമാനിച്ച പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇതുവരെയും യാതൊരു മറുപടിയും സമർപ്പിച്ചിട്ടില്ലെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്ന സന്ദർഭത്തിൽ ശ്രീ.കെ.കെ.രാജൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടില്ല എന്ന് പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ.സി.കെ.രാജൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിലവിൽ സേവനത്തിൽ തുടരുന്നുണ്ടെന്നതിനാൽ (വിരമിക്കൽ തീയതി 31.03.2028) അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ, ടിയാനെതിരെ കെ.സി.എസ്. (സി.സി&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അച്ചടക്കനടപടി തുടരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം ( 5 ) പ്രകാരം ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.കെ.രാജൻ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 04-02-2023 11:26:46